## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1617** **08-12-2022 - ൽ മറുപടിയ്ക്ക്**

### പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ വിവിധ വികസന പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി പദ്ധതി തിരിച്ച് ലഭ്യമാക്കുമോ; | (എ) | 1. **ഈരാറ്റുപേട്ട വാഗമൺ റോഡ്**<br><br>ഈരാറ്റുപേട്ട വാഗമൺ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിൽ നിന്നും 4.20 ആർ ഭൂമിയും കോട്ടയം ജില്ലയിലെ ടീക്കോയ്, ഈരാറ്റുപേട്ട വില്ലേജുകളിൽ നിന്നും 183.40 ആർ ഭൂമിയും ഉൾപ്പടെ 187.60 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 26.10.2022 ലെ സ.ഉ (സാധാ) നമ്പർ 4317/2022/റവ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ്ജ് ലഭ്യമാകുന്ന മുറയ്ക്ക് 2013 LARR Act പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>2.**മാർമല ചെറുകിട ജല വൈദ്യുത പദ്ധതി**<br><br>മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 2013 LARR Act വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 29/08/2022 ലെ G.O(P)No.228/2022/RD നമ്പർ ഗസറ്റിൽ സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആക്റ്റിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.<br><br>3. **ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വീതി കൂട്ടലിനുള്ള സ്ഥലമെടുപ്പ്**<br><br>കാഞ്ഞിരപ്പള്ളി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനത്തിനായി ഇടക്കുന്നം വില്ലേജിൽ ബ്ലോക്ക് 4ൽ ഉൾപ്പെട്ട 9.73 ആർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ 11/02/2022 ൽ 2013 LARR Act സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അടിസ്ഥാനവില നിർണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അർത്ഥനാധികാരിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കുമോ? | (ബി) | 1. **<u>ഈരാറ്റുപേട്ട വാഗമൺ റോഡ്</u>**<br><br>ഈരാറ്റുപേട്ട വാഗമൺ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഇടുക്കി ജില്ലയിലെ വാഗമൺ വില്ലേജിൽ നിന്നും 4.20 ആർ ഭൂമിയും കോട്ടയം ജില്ലയിലെ ടീക്കോയ്, ഈരാറ്റുപേട്ട വില്ലേജുകളിൽ നിന്നും 183.40 ആർ ഭൂമിയും ഉൾപ്പടെ 187.60 ആർ ഭൂമി ഏറ്റെടുക്കുന്നതിന് 26.10.2022 ലെ സ.ഉ (സാധാ) നമ്പർ 4317/2022/റവ ഉത്തരവ് പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. കണ്ടിജൻസി ചാർജ്ജ് ലഭ്യമാകുന്ന മുറയ്ക്ക് 2013 LARR Act പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം അർത്ഥനാധികാരിയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>2**<u>.മാർമല ചെറുകിട ജല വൈദ്യുത പദ്ധതി</u>**<br><br>മാർമല ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 2013 LARR Act വകുപ്പ് 11(1) പ്രകാരമുള്ള വിജ്ഞാപനം 29/08/2022 ലെ G.O(P)No.228/2022/RD നമ്പർ ഗസറ്റിൽ സർക്കാർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.<br><br>3. **<u>ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വീതി കൂട്ടലിനുള്ള സ്ഥലമെടുപ്പ്</u>**<br><br>കാഞ്ഞിരപ്പള്ളി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനത്തിനായി ഇടക്കുന്നം വില്ലേജിൽ ബ്ലോക്ക് 4ൽ ഉൾപ്പെട്ട 9.73 ആർ ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 11/02/2022 ൽ 2013 LARR Act സെക്ഷൻ 11(1) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. അടിസ്ഥാനവില |

| | | | |
|---|---|---|---|
| | | | നിർണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അർത്ഥനാധികാരിയിൽ നിന്നും ഫണ്ട് ലഭ്യമാക്കി 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തി അവാർഡ് പാസാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ